MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985

Graded as Category 1 Autonomous University By UGC

NAAC GRADE A++

വാർത്താക്കുറിപ്പ്
**2026 ഒക്ടോബർ 29**

എ.എൻ.ആർ.എഫ്.-പെയർ പദ്ധതി അവലോകനത്തിനായി ഹൈദരാബാദ് സർവകലാശാലാ പ്രതിനിധികൾ എം.ജി.യു.വിൽ

അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ - പാർട്ണർഷിപ്പ്സ് ഫോർ ആക്സിലറേറ്റഡ് ഇന്നൊവേഷൻ ആൻഡ് റിസർച്ച് (എ.എൻ.ആർ.എഫ്.-പെയർ) പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി പദ്ധതിയുടെ ഹബ് സ്ഥാപനമായ ഹൈദരാബാദ് സർവകലാശാലയിലെ പ്രതിനിധികൾ സന്ദർശനം നടത്തി. ഹബ്-സ്പോക്ക് സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിരുന്നു സന്ദർശനം.

മഹാത്മാഗാന്ധി സർവകലാശാലയിലെ എ.എൻ.ആർ.എഫ്.-പെയർ പദ്ധതിയുടെ പുരോഗതി വിലയിരുത്തുക, ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക, ഹബ്-സ്പോക്ക് സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുക എന്നിവയായിരുന്നു സന്ദർശനത്തിന്റെ ലക്ഷ്യം.

ഹൈദരാബാദ് സർവകലാശാലയിലെ എ.എൻ.ആർ.എഫ്.-പെയർ പദ്ധതി ഡയറക്ടർ പ്രൊഫ. ബ്രഹ്മാനന്ദം മാനവതി, സഹ ഡയറക്ടർ പ്രൊഫ. സിബ കെ. ഉദ്ഗതയും എന്നിവരടങ്ങിയ സംഘമാണ് സന്ദർശനം നടത്തിയത്. പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സർവകലാശാലയിലെ വിവിധ വകുപ്പുകളും സംഘം സന്ദർശിച്ചു.

തുടർന്ന് നടന്ന കൂടിക്കാഴ്ചയിൽ, സമൂഹത്തിൽ വലിയ സ്വാധീനം സൃഷ്ടിക്കാൻ സാധ്യതയുള്ള, വെല്ലുവിളി നിറഞ്ഞ ഗവേഷണ പദ്ധതികളാണ് സർവകലാശാലകൾ ഏറ്റെടുത്തിട്ടുള്ളതെന്ന് മഹാത്മാഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂത്ത അഭിപ്രായപ്പെട്ടു. ഇത്തരം സഹകരണങ്ങൾ രാജ്യത്തെ ഗവേഷണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. തോമസ് കുരുവിള, പ്രൊഫ. (ഡോ.) ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ, ഫിനാൻസ് ഓഫീസർ ബിജു മാത്യു മഹാത്മാഗാന്ധി സർവകലാശാലയിലെ എ.എൻ.ആർ.എഫ്.-പെയർ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ പ്രൊഫ. (ഡോ.) രാധാകൃഷ്ണൻ ഇ.കെ., പദ്ധതിയുടെ കോ-പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ പ്രൊഫ. (ഡോ.) എസ്. അനസ് തുടങ്ങിയവർ സംസാരിച്ചു.

കോ-പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർമാരായ പ്രൊഫ. (ഡോ.) ജയചന്ദ്രൻ കെ., പ്രൊഫ. (ഡോ.) ബിജു പി.ആർ., പ്രൊഫ. (ഡോ.) ബിന്ദു വി.ആർ., ഡോ. ശ്രീകല എം.എസ്., ഡോ. നൗഫൽ കണ്ടോത്ത്, ഡോ. ഗൗതം ചന്ദ്ര എന്നിവരും പ്രോജക്ട് അസോസിയേറ്റുമാരും യോഗത്തിൽ പങ്കെടുത്തു.

പ്രൊഫ. മാനവതിയും പ്രൊഫ. ഉദ്ഗതയും യോഗത്തിൽ സംസാരിച്ചു. ഹൈദരാബാദ് സർവകലാശാലയിലെ ഗവേഷണ-വികസന വിഭാഗം ഡയറക്ടർ പ്രൊഫ. സമ്രാട് എൽ. സബത് ഓൺലൈനായി പരിപാടിയിൽ പങ്കെടുത്തു. മഹാത്മാഗാന്ധി സർവകലാശാലാ പ്രതിനിധികൾ സന്ദർശകരെ ആദരിച്ചു.

ഫാറ്റി ലിവർ, പ്രമേഹം തുടങ്ങിയ രോഗങ്ങളുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ പ്രവചിക്കുന്നതിന് നിർമ്മിതബുദ്ധി അധിഷ്ഠിത സംവിധാനങ്ങൾ വികസിപ്പിക്കുക, ബയോമാർക്കറുകൾ കണ്ടെത്തുക, നൂതന രോഗനിർണയ-ചികിത്സാ സാങ്കേതികവിദ്യകൾ വികസിപ്പിക്കുക എന്നിവയാണ് എ.എൻ.ആർ.എഫ്.-പെയർ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഗവേഷണ അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തുക, വിവിധ വിജ്ഞാനശാഖകളെ സംയോജിപ്പിച്ചുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുക, നൂതന ആരോഗ്യപരിചരണ സാങ്കേതികവിദ്യകളുടെ വികസനം സാധ്യമാക്കുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

ഫോട്ടോ ക്യാപ്ഷനുകൾ:

1. ഹൈദരാബാദ് സർവകലാശാലാ പ്രതിനിധികൾ മഹാത്മാഗാന്ധി സർവകലാശാലയിലെ ഗവേഷക സംഘത്തോടൊപ്പം.
2. എ.എൻ.ആർ.എഫ്.-പെയർ പദ്ധതിയുടെ ഡയറക്ടർ പ്രൊഫ. ബ്രഹ്മാനന്ദം മാനവതിയെ സിൻഡിക്കേറ്റ് അംഗം ഡോ. തോമസ് കുരുവിള ആദരിക്കുന്നു.

**ANRF-PAIR project heads visit MGU for review**

Mahatma Gandhi University hosted representatives of the University of Hyderabad, the hub institution of the Anusandhan National Research Foundation (ANRF) - Partnerships for

Accelerated Innovation and Research (PAIR) project, as part of a hub-and-spoke visit and project review meeting.

The visit aimed to assess the progress of the ANRF-PAIR project at MGU, explore opportunities to strengthen research activities, and enhance collaboration between the hub and spoke institutions.

The visiting team comprised Prof. Bramanandam Manavathi, Project Director of ANRF-PAIR project, and Prof. Siba K. Udgata, Co-Project Director. The team visited various university departments where project-related activities are underway.

Speaking at a felicitation meeting held later, MGU Vice-Chancellor Prof. (Dr.) D. Mavoothu said the universities had undertaken challenging research projects with significant potential for impact. Such collaborations would strengthen the country's research ecosystem, he added.

Syndicate members Dr. Thomas Kuruvilla and Prof. (Dr.) Ison V. Vanchipurakal, Finance Officer Biju Mathew, Principal Investigator of the ANRF-PAIR project at MGU Prof. (Dr.) Radhakrishnan E.K., and Co-Principal Investigator Prof. (Dr.) S. Anas also spoke at the meeting.

Co-Principal Investigators Prof. (Dr.) Jayachandran K., Prof. (Dr.) Biju P.R., Prof. (Dr.) Bindu V.R., Dr. Sreekala M.S., Dr. Noufal Kandoth, and Dr. Goutam Chandra and project associates also participated.

Prof. Manavathi and Prof. Udgata addressed the gathering, while Prof. Samrat L. Sabat, Director of Research and Development at the University of Hyderabad, joined the programme online. The visitors were felicitated by university representatives.

The ANRF-PAIR project focuses on developing artificial intelligence-based systems to predict disease risk factors associated with conditions such as fatty liver disease and diabetes, identify biomarkers, and develop advanced diagnostic and therapeutic technologies. It also aims to strengthen research infrastructure, promote interdisciplinary research, and facilitate the development of innovative healthcare technologies.

Photo captions:

1. Representatives of the University of Hyderabad with the research team at Mahatma Gandhi University.

2. Syndicate member Dr. Thomas Kuruvilla felicitates Prof. Bramanandam Manavathi, Project Director of ANRF-PAIR.

പി. ആർ. ഓ./964/2026

മെറ്റബോളിക് രോഗങ്ങൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ്; അൽഷിമേഴ്സ് നേരത്തേ കണ്ടെത്താൻ കുറഞ്ഞ ചെലവിൽ പരിശോധനയും

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ മെറ്റാബോളിക് ഡിസോഡേഴ്സ്, നാഡീസംബന്ധമായ രോഗങ്ങൾ എന്നിവ സംബന്ധിച്ച ബോധവത്കരണ പരിപാടിയും സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുന്നു. ഒക്ടോബർ 30 വെള്ളിയാഴ്ച കോട്ടയം തലപ്പാടി ക്യാമ്പസിൽ നടക്കുന്ന പരിപാടി പുതുപ്പള്ളി എം.എൽ.എ അഡ്വ. ചാണ്ടി ഉമ്മൻ ഉദ്ഘാടനം ചെയ്യും.

എ.എൻ.ആർ.എഫ്.-പെയർ പ്രൊജക്ടിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ക്യാമ്പിൽ സൗജന്യ ഫൈബ്രോസ്കാൻ പരിശോധനയും രക്തപരിശോധനകളും ലഭ്യമാകും. സമ്പൂർണ രക്തപരിശോധന, എറിത്രോസൈറ്റ് സെഡിമെന്റേഷൻ റേറ്റ്, ഫാസ്റ്റിങ് ബ്ലഡ് ഗ്ലൂക്കോസ്, ലിപിഡ് പ്രൊഫൈൽ, കരളിന്റെ പ്രവർത്തന പരിശോധനകൾ, എച്ച്ബിഎ1സി, യൂറിയ, ക്രിയാറ്റിനിൻ, തൈറോയ്ഡ് സ്റ്റിമുലേറ്റിങ് ഹോർമോൺ, ഹെപ്പറ്റൈറ്റിസ് ബി പരിശോധന എന്നിവയാണ് രക്തപരിശോധനകളിൽ ഉൾപ്പെടുന്നത്. കൂടാതെ, അൽഷിമേഴ്സ് രോഗം വളരെ നേരത്തേ തിരിച്ചറിയാൻ സഹായിക്കുന്ന രക്തത്തിലെ ബയോമാർക്കർ പരിശോധന കുറഞ്ഞ ചെലവിൽ നടത്തും.

കോട്ടയം ജനറൽ ആശുപത്രിയിലെ ന്യൂറോളജിസ്റ്റ് ഡോ. രാജി കൃഷ്ണ, കോട്ടയം ഡി.ഇ.ഐ.സിയിലെ ഡെവലപ്മെന്റൽ ന്യൂറോളജിസ്റ്റ് ഡോ. സുജ പി., കോട്ടയം ജില്ലാ ആയുഷ് പ്രോഗ്രാം മാനേജർ ഡോ. ജൂവൽ ജോസ് എന്നിവർ ബോധവത്കരണ ക്ലാസുകൾ നയിക്കും. ഓട്ടിസം, അൽഷിമേഴ്സ്, പാർക്കിൻസൺസ്

രോഗങ്ങൾ, ഫാറ്റി ലിവർ, പ്രമേഹം തുടങ്ങിയ വിഷയങ്ങളിലാണ് ക്ലാസുകൾ. രോഗലക്ഷണങ്ങൾ തിരിച്ചറിയുക, കൃത്യസമയത്ത് ചികിത്സ തേടുക, സംയോജിത ആരോഗ്യപരിചരണം, വയോജനാരോഗ്യ പരിപാലനം തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്യും.

ഐ.യു.സി.ബി.ആറും നിറ്റ ജെലാറ്റിൻ ഇന്ത്യ ലിമിറ്റഡ്, റാഫ മെഡിക്കൽ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്, ഡയ ഹെർബൽ ഹെൽത്ത്സ് ഫാർമസ്യൂട്ടിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയും തമ്മിലുള്ള ധാരണാപത്രങ്ങൾ കൈമാറുന്ന ചടങ്ങും അഗാപ്പെ ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡുമായുള്ള സഹകരണ രേഖ കൈമാറ്റവും പരിപാടിയുടെ ഭാഗമായി നടക്കും.

18 മുതൽ 65 വയസ്സുവരെയുള്ളവർക്ക് മാത്രമാണ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരം. താത്പര്യമുള്ളവർ +91 62356 16044 എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് സന്ദേശം അയച്ച് സൗജന്യ രജിസ്ട്രേഷൻ ഉറപ്പാക്കണം.

സർവകലാശാലയുടെ സാമൂഹിക ഇടപെടലിന്റെ ഭാഗമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂത്ത, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. തോമസ് കുരുവിള, ഡോ. ഗിരീഷ് കുമാർ ജി.എസ്., പ്രൊഫ. (ഡോ.) ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ, രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിന്ദു ജോർജ് വർഗീസ്, ഐ.യു.സി.ബി.ആർ ഡയറക്ടർ ഡോ. രാധാകൃഷ്ണൻ ഇ.കെ. എന്നിവരുടെ നേതൃത്വത്തിലാണ് പരിപാടി.

പി. ആർ. ഓ./965/2026

സിവിൽ സർവീസ് പ്രിലിംസ് ക്രാഷ് കോഴ്സ്

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2027 ജനുവരി മുതൽ മെയ് വരെ നടക്കുന്ന 2027 പ്രിലിംസ് എക്സാമിനേഷനുവേണ്ടിയുള്ള 'ക്രാഷ് ബാച്ചിലേയ്ക്കും ടെസ്റ്റ് സീരീസ് ബാച്ചിലേയ്ക്കും' അഡ്മിഷൻ ആരംഭിച്ചു. ഡിഗ്രി യോഗ്യതയുള്ളവർക്ക് അപേക്ഷിയ്ക്കാവുന്നതാണ്. അവസാന തീയതി 2026 ഡിസംബർ 15. വിശദവിവരങ്ങൾക്ക്- 9188374553

പി. ആർ. ഓ./966/2026

പരീക്ഷാതീയതി

ഏഴാം സെമസ്റ്റർ ഐ.എം.സി.എ. (2023 അഡ്മിഷൻ റെഗുലർ, 2020-2022 അഡ്മിഷനുകൾ സപ്ലിമെന്ററി) നവംബർ 2026 പരീക്ഷകൾ നവംബർ 23 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

................................

മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എ. ഇംഗ്ലീഷ്, ഇന്റഗ്രേറ്റഡ് എം.എസ്.സി. ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിങ്, കമ്പ്യൂട്ടർ സയൻസ് - ഡാറ്റ സയൻസ് (2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2020 - 2024 അഡ്മിഷനുകൾ സപ്ലിമെന്ററി) നവംബർ 2026 പരീക്ഷകൾ നവംബർ 20 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

പി. ആർ. ഓ./967/2026

പരീക്ഷക്ക് അപേക്ഷിക്കാം

നവംബർ 25 മുതൽ ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.പി.ഇ.എസ്. (2023 അഡ്മിഷൻ റെഗുലർ, 2019 - 2022 അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2016 - 2018 അഡ്മിഷനുകൾ മേഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്ക് നവംബർ 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 12 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 13 വരെയും അപേക്ഷ സ്വീകരിക്കും.

..........................................

നവംബർ 23 മുതൽ ആരംഭിക്കുന്ന രണ്ടാം വർഷ എം.എസ്.സി. മെഡിക്കൽ അനാട്ടമി (2024 അഡ്മിഷൻ റെഗുലർ, 2020 - 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019-2017 മേഴ്സി ചാൻസുകൾ) പരീക്ഷകൾക്ക് നവംബർ 5 വരെ ഫീസടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 6 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 7 വരെയും അപേക്ഷ സ്വീകരിക്കും.

.......................................

ഒന്നും രണ്ടും സെമസ്റ്റർ ബി.ആർക്. (2015-2018 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് നവംബർ 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 12 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 13 വരെയും അപേക്ഷ സ്വീകരിക്കും.

.......................................

ഡിസംബർ 2 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ സപ്ലിമെന്ററി - പുതിയ സ്കീം) നവംബർ 2026 പരീക്ഷകൾക്ക് നവംബർ 12 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 13 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 16 വരെയും അപേക്ഷ സ്വീകരിക്കും.

.......................................

ഡിസംബർ 1 മുതൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2026 അഡ്മിഷൻ റെഗുലർ, 2025 അഡ്മിഷൻ ഇമ്പ്രൂവ്മെന്റ്, 2020-2025 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി - പുതിയ സ്കീം)

നവംബർ 2026 പരീക്ഷകൾക്ക്  നവംബർ 12 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 13 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 16 വരെയും അപേക്ഷ സ്വീകരിക്കും.

പി. ആർ. ഒ./968/2026

പബ്ലിക് റിലേഷൻസ് ഓഫീസർ